മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 22104/AD A1/1/എ ഡി എ 1/AD A 1 തീയതി: 16.08.2021

**സർക്കുലർ**

വിഷയം:- 2021 ആഗസ്റ്റ് 18 സദ്ഭാവനാദിനമായി ആചരിക്കുന്നത്- സംബന്ധിച്ച്.

സൂചന :- പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൻറെ 28.07.2021-ലെ പരിപത്രം നം. എസ്.ഡി.2/72/2021/പൊ.ഭ.വ.

-------

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാദിനമായി എല്ലാ വർഷവും ദേശവ്യാപകമായി ആചരിച്ചുവരുന്നു. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിൻറെയും, ഭാഷയുടെയും, മതത്തിൻറെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നൽകുന്നതിനാണ് വർഷംതോറും ഈ ദിനം ആചരിച്ചുവരുന്നത്.

ഈ വർഷം ആഗസ്റ്റ് 20 പൊതുഅവധി ആയതിനാൽ ആഗസ്റ്റ് 18 ന് സംസ്ഥാന വ്യാപകമായി സദ്ഭാവനാദിനം ആചരിക്കുവാൻ സൂചന സർക്കാർ പരിപത്രത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ആയത് പ്രകാരം, കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളായ ശരിയായ ശുചിത്വം പാലിക്കൽ,സാമൂഹ്യ അകലം പാലിക്കൽ, മാസ്ക് ധരിക്കൽ തുടങ്ങിയവ പാലിച്ചുകൊണ്ടും, പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടും, ആഗസ്റ്റ് 18 ബുധനാഴ്ച്ച രാവിലെ 11 മണിക്ക് സർവ്വകലാശാല ഭരണവിഭാഗം മന്ദിരത്തിലെ ചത്വരത്തിൽ വെച്ച് സദ്ഭാവനാദിന പ്രതിജ്ഞ (മറുപുറം ചേർത്തിരിക്കുന്നത് കാണുക) വായിക്കപ്പെടുന്നതാണ്.

ഒപ്പ്

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ.
4. പബ്ലിക് റിലേഷൻസ് ഓഫീസർ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #12 of File 22104/AD A1/1/2019/AD A 1 Approved by Registrar on 16-Aug-2021 01:34 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #12 of File 22104/AD A1/1/2019/AD A 1 Approved by Registrar on 16-Aug-2021 01:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## പ്രതിജ്ഞ

"സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

ഒരിക്കലും അക്രമ മാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."